PDF-XChange Viewer
Click to buy NOW!
www.docu-track.com



PDF-XChange Viewer
Click to buy NOW!
www.docu-track.com

കടലും
കടലാടിയും
കരുണയും
കരുണാകരനും



**അടിയന്തരാവസ്ഥയും ഫാസിസ്റ്റ് ഭരണവും മറന്നുള്ള കരുണാകര വിലാപം വിഷമാണ്. നുണയുടെ രാജാക്കന്മാർ, ഒരു വംശമാണ്, വീണ്ടും വീണ്ടും പുനരുൽപ്പാദിപ്പിക്കപ്പെടുന്നത്. കരുണാകരന്റെ മരണം മലയാളി സമൂഹത്തിന്റെ ആദരവും അഞ്ജലിയും നേടിയെടുത്ത പശ്ചാത്തലത്തിൽ തോന്നിയ വേവലാതികൾ പങ്കുവയ്ക്കുന്നു**

**ടി.എൻ. ജോയി**

# മറക്കരുത്
# പൊറുത്തോളൂ!

"മാപ്പർഹിക്കാത്ത കുറ്റത്തിനു മാപ്പു കൊടുക്കുമ്പോൾ
മാത്രമേ മാപ്പ് എന്ന വാക്കിന് അർത്ഥമുള്ളൂ
-ദെരിദ

രാഷ്ട്രീയ ചലനങ്ങളെ വൈകാരികമായി കാണരുത് – നിർമ്മമമായ വസ്തുനിഷ്ഠതയിൽ ഊന്നി, വിശകലനാത്മകതയിൽ വിടർന്ന്, കേരളത്തിന് വേണ്ട രാഷ്ട്രീയ വ്യക്തതകൾ, ഉല്പാദിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ടു കൂടിയാണ്. കസ്റ്റഡിമരണം ജയിൽ

ഇവയുടെ ഓർമ്മകളുള്ളപ്പോഴും – "ഞങ്ങൾക്ക്, തനിക്ക് തെറ്റുപറ്റി" എന്ന സമ്മതമൊഴി ജനസഞ്ചയം സ്വാഗതം ചെയ്യുന്നത്. പക്ഷെ ഇവർ തന്നെ വീണ്ടും വീണ്ടും നേതാക്കളായി വാഴ്ത്തപ്പെടുമ്പോൾ "ഇയാൾ ഞങ്ങളുടെ ലീഡറല്ല" എന്ന അപസ്വരത്തിനാണ് ശ്രുതിമാധുര്യം!

എവിടെയാണ് അതി വൈകാരികത രാഷ്ട്രീയ വിശകലനത്തിന് തടസ്സമാകുന്നത്? സംഭവിച്ചു പോയ ചീത്ത കാര്യങ്ങളിൽ നിന്ന്–അതിനുത്തരവാദികളായ നായകരിൽ നിന്നു പോലും–നാം പഠിക്കേണ്ടതെന്താണ്?

ഒരു തെരഞ്ഞെടുപ്പ് സഖ്യത്തിന്റെ ചടുല സാദ്ധ്യതകൾക്കിടയിൽ രാജന്റെയും വിജയന്റെയും "ചേനക്കാര്യം മറക്കണമെന്നാണോ? അടിയന്തിരാവസ്ഥയിൽ ജയിലിലായിരുന്ന 5000–ത്തിൽപരം മലയാളികളെ ഓർത്തുകൂടെന്നാണോ? രാഷ്ട്രീയാധികാരത്തിന്റെ അന്തസ്സു നിഷേധിക്കപ്പെട്ട്, ഔദ്യോഗിക ബഹുമതികളൊന്നുമില്ലാതെ, ഇവരിൽ പലരും മരണത്തിലേക്കു കടന്നുപോയി.

നിയമസഭയും മന്ത്രിമന്ദിരങ്ങളും, നിഷ്പക്ഷ സ്പീക്കറും – സാമാ








**പുത്രന്മാരേയും പുത്രികളേയും അതിരു കവിഞ്ഞാണ് മലയാളി സ്നേഹിക്കുന്നത്. അതുകൊണ്ട് മക്കളെ സ്നേഹിക്കാത്ത ഗാന്ധിജിയിൽ നിന്നും സ്റ്റാലിനിൽ നിന്നും വ്യത്യസ്തനായ ഒരു മലയാളി ഫാസിസ്റ്റിനൊപ്പമാണ് നമ്മുടെ മനസ്സ് – വോട്ട് ഇടതുപക്ഷത്തിനും! അതുകൊണ്ട് "അമർന്നു കത്തുന്ന" ഈ ഫാസിസത്തിന്റെ മനഃശാസ്ത്രം, പാർട്ടിഭേദമന്യേ ജനകോടികളെ സ്വാധീനിച്ചേക്കും**

ന്യമര്യാദയുടെ ഈ ലാവണ്യങ്ങളിൽ ഗുപ്തമായ പാരുഷ്യങ്ങളുമുണ്ട്. ഇരകൾക്കു മാത്രം – ഒരുപക്ഷേ തിരിച്ചറിയാവുന്നത്. ഇവരുടെ, അനുഭവിച്ചവരുടെ നാവുമരമായി വളരാൻ ഇടതുപക്ഷത്തിന് താല്പര്യമില്ല എന്നാണോ? മന്ദിരങ്ങളുടെ ആലസ്യങ്ങളിൽ – 'സഖാവിന്റെ ആർത്ത'നാദം ഒന്നും ഉണർത്തുകയില്ലെന്നാണോ?

എങ്ങുമെത്താതെ പോയ, തോറ്റവർക്കും ചട്ടമര്യാദകളുടെ ആടിത്തിമിർപ്പിൽ ഗർവ്വിഷ്ഠമായ വിജയങ്ങൾക്കും ഇടയിൽ ഒരു തെരഞ്ഞെടുപ്പ്? കാലം ഇത്രത്തോളം കഠിനമായിട്ടില്ല എന്ന് വിശ്വസിക്കാനാണ് എനിക്കിഷ്ടം.

അതിനു കാലത്തിന്റെ ശീഘ്രവേഗങ്ങളിൽ ഒരു ചരമവൃത്താന്തത്തിന്റെ മൂർത്ത നിമിഷത്തിന് മലയാളി എന്തു വിലയാണ് കൊടുക്കുന്നത്. ഒരു രാഷ്ട്രീയ മുന്നേറ്റത്തിന്റെ ചിട്ടവട്ടങ്ങൾ അഭിനയിച്ചു തീർത്ത്, ഒരു അകാലചരമത്തിന്റെ വർണ്ണനകൾ ഒട്ടിച്ചു ചേർത്ത്. മീഡിയ അല്പം നാണത്തോടെ (നാണമില്ലായ്മയോടെ എന്ന് വിവർത്തനം) മറ്റു വാർത്തകളിലേക്ക് തിരിയുകയാണ്! പുത്രന്മാരേയും പുത്രികളേയും അതിരു കവിഞ്ഞാണ് മലയാളി സ്നേഹിക്കുന്നത്. അതുകൊണ്ട് മക്കളെ സ്നേഹിക്കാത്ത ഗാന്ധിജിയിൽ നിന്നും സ്റ്റാലിനിൽ നിന്നും വ്യത്യസ്തനായ ഒരു മലയാളി ഫാസിസ്റ്റിനൊപ്പമാണ് നമ്മുടെ മനസ്സ് – വോട്ട് ഇടതുപക്ഷത്തിനും!

അതുകൊണ്ട് "അമർന്നു കത്തുന്ന" ഈ ഫാസിസത്തിന്റെ മനഃശാസ്ത്രം, പാർട്ടിഭേദമന്യേ ജനകോടികളെ സ്വാധീനിച്ചേക്കും.

വലിയ ശരികൾ ചെയ്യാത്ത – എന്നാൽ വലിയ തെറ്റുകൾക്ക് സമ്മതം മൂളിയ അധികാരികൾ എല്ലായ്പ്പോഴും മറ്റൊരു സാദ്ധ്യതയെ ഒളിപ്പിച്ചു വയ്ക്കുന്നുണ്ട്. "എനിക്ക് തെറ്റുപറ്റി" എന്ന കുറ്റസമ്മതം! ദുരധികാരത്തിന്റെ സത്തയിൽ, പക്ഷെ രാഷ്ട്രീയ സദാചാരത്തിന് ഒരു മുഖമാണ്. "ഞാൻ ചെയ്തതെല്ലാം ശരി". സാംസ്ക്കാരിക ജാഗ്രത (!) ചോർന്ന് പോയിരിക്കുന്ന മലയാളി സമൂഹത്തിൽ ഇത്തരം ഉളുപ്പില്ലായ്മ പോലും ആദരവും അഞ്ജലിയും നേടിയെടുക്കാം.

മരണത്തിനു തൊട്ടുമുൻപുള്ള കാലത്ത് ഒരു ദുഃഖഛവി ഫാസിസ്റ്റുകൾക്കു വന്നു ചേരുമെന്നൊരു കേൾവിയുണ്ട്. പിശുക്കന്റെ ദുഃഖം പോലൊരു " അസാഹിത്യ" ഗുണവിശേഷം!

സഹപ്രവർത്തകരായ കോൺഗ്രസ്സുകാർ നേതാവിനൊപ്പം ഒടുവിൽ ഉണ്ടായിരുന്നില്ല. അവർക്ക് സ്വന്തം പാട്ടുകൾ പാടേണ്ടിയിരുന്നു. സ്വന്തം രാഷ്ട്രീയ പ്രണയങ്ങൾ ജീവിക്കേണ്ടിയിരുന്നു. പക്ഷെ, ഈ നേതാവിന്റെ ത്യാഗനിർഭരമായ ജീവിതത്തോട്, രണ്ടാംനിര കോൺഗ്രസ്സുകാർ കാണിച്ചത് അനാദരവാണെന്ന് ആരെങ്കിലും പറഞ്ഞാൽ – എല്ലാവർക്കും ചിരി വരും.

'മഹത്തായ' മരണ മാതൃകയിൽ കയറിക്കൂടാൻ പറ്റിയ ആരൊക്കെ കോൺഗ്രസ്സ് നേതൃത്വത്തിൽ അവശേഷിച്ചിട്ടുണ്ട്? അടിയന്തിരാവസ്ഥയിൽ വഴിമാറിപ്പോയ കോൺഗ്രസ്സിന്റെ സ്വാതന്ത്ര്യപൂർവ്വ ജനാധിപത്യസംസ്ക്കാരത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? പുകഴ്ത്തിപ്പാടലുകളുടെ ആരവം ഒടുങ്ങുമ്പോൾ എന്തെങ്കിലും "വീണ്ടെടുക്കലി"ന്റെ സാദ്ധ്യതയെക്കുറിച്ചുകൂടി ആലോചിക്കാവുന്നതാണ്. പക്ഷെ എല്ലാം മറന്നുള്ള ഈ വിലാപമുണ്ടല്ലോ, അത് വിഷമാണ്. കാക്കയ്ക്കുണ്ടായ പൊൻകുഞ്ഞുങ്ങൾ പാർട്ടിഭേദമെന്യേ സ്വീകരിക്കപ്പെടുമ്പോൾ തോന്നിയ വേവലാതികളാണ്, ഈ ഇടപെടൽ. നുണയുടെ രാജാക്കന്മാർ, ഒരു വംശമാണ്. വീണ്ടും വീണ്ടും പുനരുൽപ്പാദിപ്പിക്കപ്പെടുന്നത്.

പ്രകീർത്തിക്കപ്പെടുന്ന അസുരകാലം മാറിവരും. വേണ്ടത്ര അനുഭവിക്കാത്തവരുടെ – പുതിയ ചിന്തകളിൽ–പുനർവിചാരങ്ങളിൽ–സ്വപ്നങ്ങളിൽ മഹത്തായ സാദ്ധ്യതയുണ്ട്. എങ്കിലും മറക്കരുത്–പൊറുത്തോളൂ!

ഈ ലക്കം പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നതിനാൽ കേരളീയത്തിലെ സ്ഥിരം പംക്തികളും മറ്റ് പല മാറ്ററുകളും– ലാലൂർ, എൻ.എച്ച് –17/47 സമരം, ജി.എം വിളകൾ...എന്നിവ അടുത്ത ലക്കത്തിൽ തുടരും.